**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2376** **12-12-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ലെക്ചറർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലെക്ചറർ തസ്തിക ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തസ്തിക ഏത് തസ്തികയിലേയ്ക്കാണ് മാറ്റിയത് എന്ന് അറിയിക്കാമോ; | (എ) | സ ഉ (കൈ )നം .94/2020 ആ. കു .വ തീയതി 27/06/2020 പ്രകാരം നിലവിൽ **ലക്ചറർ** തസ്തികയിൽ തുടർന്ന് വരുന്നവരെ പ്രസ്തുത തസ്തികകളിൽ തുടരാൻ അനുവദിക്കുന്ന താണെന്നും, ടിയാളുകൾ പോസ്റ്റഗ്രാജ്ജ വേഷൻ നേടുന്ന മുറക്ക് പ്രസ്തുത തസ്തികകൾ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളാക്കി മാറ്റുന്നതാണെന്നുമുള്ള വ്യവസ്ഥയോടുകൂടി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നിലവിലുള്ള എല്ലാ ലക്ചറർ തസ്തികകകളും അസിസ്റ്റന്റ് പ്രൊഫസർ<br><br>തസ്തികകളാക്കി മാറ്റിയിട്ടുണ്ട്. |
| (ബി) | ഇങ്ങനെ തസ്തിക പുനർനിർണ്ണയം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോ.ശ്രീശാന്ത് കെ.എബിന്റെ അപേക്ഷ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ വഴി ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോ.ശ്രീശാന്ത് കെ.എസ് ന്റെ അപേക്ഷയിന്മേൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തുടർ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ